# രണ്ടാമത് ഇന്ത്യ-ഓസ് ട്രേലിയ വാര് ഷിക ഉച്ചകോടി

നവംബർ 20, 2024

നവംബര് 19 ന് റിയോ ഡി ജനീറോയില് നടന്ന ജി 20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഓസ് ട്രേലിയ പ്രധാനമന്ത്രി ആന്റണി അല് ബനീസും രണ്ടാമത് ഇന്ത്യ-ഓസ് ട്രേലിയ വാര് ഷിക ഉച്ചകോടി നടത്തി. ആദ്യ വാർഷിക ഉച്ചകോടി 2023 മാർച്ച് 10 ന് പ്രധാനമന്ത്രി അൽബനീസിന്റെ ഇന്ത്യാ സന്ദർശന വേളയിൽ ന്യൂഡൽഹിയിൽ നടന്നു.

2. ഇന്ത്യ-ഓസ് ട്രേലിയ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള പിന്തുണ പ്രധാനമന്ത്രിമാർ ആവര് ത്തിച്ചു. പ്രതിരോധം, സുരക്ഷ, വ്യാപാരം, നിക്ഷേപം, വിദ്യാഭ്യാസം, നൈപുണ്യവും ചലനാത്മകതയും, പുനരുപയോഗ ഊര് ജ്ജം, ബഹിരാകാശം, സ് പോര് ട് സ്, ജനങ്ങള് തമ്മിലുള്ള ബന്ധം എന്നീ മേഖലകളിലെ സഹകരണത്തെക്കുറിച്ച് ഇരുവരും ചര് ച്ച ചെയ്തു. ഇതോടനുബന്ധിച്ച് സംയുക്ത പ്രസ്താവന പുറത്തിറക്കി. പുനരുപയോഗിക്കാവുന്ന ഊര് ജ്ജ പങ്കാളിത്തം ആരംഭിക്കുന്നതിനെയും പ്രധാനമന്ത്രിമാര് സ്വാഗതം ചെയ്തു.

3. പരസ്പര താല് പര്യമുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളില് ഇരുപക്ഷവും കാഴ്ചപ്പാടുകള് കൈമാറി. അന്താരാഷ്ട്ര നിയമങ്ങളോടുള്ള ആദരവിന്റെ അടിസ്ഥാനത്തില് സമാധാനപരവും സുസ്ഥിരവും സമൃദ്ധവുമായ ഇന്തോ-പസഫിക് മേഖലയ്ക്കുള്ള പ്രതിജ്ഞാബദ്ധതയും അവര് ആവര് ത്തിച്ചു.

**ജോർജ്ജ്ടൗൺ**
**നവംബർ 20, 2024**